LIBRARY ARCHIVES Kerala Legislative Assembly

## ലാൻഡ് സർവ്വെ കംപ്യൂട്ടർവൽക്കരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ

32 [1326] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ലാൻഡ് സർവ്വെ കംപ്യൂട്ടർവൽക്കരിക്കുന്നതിനു വേണ്ടി നടത്തിയ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

*ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ലാന്റ് സർവ്വെ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി സർവ്വെ വകുപ്പിൽനിന്നും പ്രത്യേക നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ ആധുനിക ഉപകരണങ്ങളായ ടോട്ടൽ സ്റ്റേഷൻ, കംപ്യൂട്ടർ തുടങ്ങിയവ ഉപയോഗിച്ച് റീസർവ്വെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സമയബന്ധിതമായി ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ഹാബിറ്റാറ്റ് സെന്റർ ആരംഭിക്കുവാൻ നടപടി

33 [1327] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് കവടിയാറിൽ സ്ഥാപിക്കുമെന്നറിയിച്ചിരുന്ന ഹാബിറ്റാറ്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ആദ്യം നിർദ്ദേശിക്കപ്പെട്ട കവടിയാർ പ്രദേശത്തുനിന്ന് ഹാബിറ്റാറ്റ് സെന്റർ മാറ്റണമെന്ന എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിശദീകരിക്കുമോ;

(ഡി) ഹാബിറ്റാറ്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരത്ത് കവടിയാറിൽ ഹാബിറ്റാറ്റ് സെന്റർ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ 3.25 ഏക്കർ സ്ഥലത്ത് പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുന്നതിനും പ്രസ്തുത സ്ഥലത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഭൂമി കൂടി ഏറ്റെടുത്ത് പദ്ധതിയുടെ രണ്ടാം ഘട്ടം ഉടനടി നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു.

(ബി) ഇല്ല.

(സി) 'ബി'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഡി) ഹഡ്കോയും ഹൗസിംഗ് ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതാണ്.

പ്രസിഡന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്ന ബില്ലുകൾ

34 [1328] ശ്രീ. കെ. ബാബു:

,, കെ. എ. ചന്ദ്രൻ:

,, ലൂഡി ലൂയിസ്:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-8-2003 വരെ സംസ്ഥാന നിയമസഭ പാസ്സാക്കിയതും പ്രസിഡന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നതുമായ ഏതെങ്കിലും നിയമനിർമ്മാണത്തിന് പ്രസിഡന്റിന്റെ അനുമതി കിട്ടാതെയുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം എന്ന് പറയുമോ;

(സി) കേന്ദ്രത്തിന്റെ കൺകറൻസ് ലഭിക്കുന്നതിനായി എത്ര ബില്ലുകൾ കേന്ദ്രത്തിലേക്ക് അയച്ചിട്ടുണ്ട്;

(ഡി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. 1999-ലെ കേരള ഗ്രാന്റുകളും ലീസുകളും (അവകാശങ്ങൾ പരിഷ്കരിക്കൽ) ഭേദഗതി ബിൽ

2. 2002-ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബിൽ.

3. 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ബിൽ



LIBRARY ARCHIVES Kerala Legislative Assembly